(സി) കോർപ്പറേഷന്റെ പ്രതിമാസ ശരാശരി വരുമാനം 150 കോടി രൂപയാണ്. ശമ്പള വിതരണത്തിനായി പ്രതിമാസം 62 കോടി രൂപ ആവശ്യമുണ്ട്. ഓരോ മാസവും ലഭിക്കുന്ന വരുമാനത്തിന്റെ സിംഹഭാഗവും ഡീസൽ, വായ്പാ തിരിച്ചടവ്, MACT അവാർഡ്, സ്പെയർപാർട്സ്, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻ പ്രകാരമുള്ള TSB അക്കൗണ്ടിലെ നിക്ഷേപം, ഇൻഷ്വറൻസ് പുതുക്കൽ, ബസ്സുകളുടെ നികുതി ഒടുക്കൽ മുതലായ ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്. ഡീസൽ ചെലവിനത്തിലും വായ്പാ തിരിച്ചടവിനത്തിലും മാത്രമായി പ്രതിമാസം 119 കോടി രൂപ ആവശ്യമാണ്. ടി ആവശ്യ ചെലവുകൾക്ക് തുക വിനിയോഗിച്ച് കഴിഞ്ഞാൽ പെൻഷൻ വിതരണത്തിനും ശമ്പള വിതരണത്തിനും തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

(ഡി) മറ്റെല്ലാ ചെലവുകൾക്കും തുക വകമാറ്റിയതിനുശേഷം ശമ്പളം, പെൻഷൻ എന്നിവ വിതരണം ചെയ്താൽ മതി എന്ന നയം കോർപ്പറേഷൻ സ്വീകരിച്ചിട്ടില്ല. നിലവിലെ വരുമാനത്തിൽനിന്നും ദൈനംദിന ചെലവുകൾക്കുശേഷം (ഡീസൽ, വായ്പാ തിരിച്ചടവ് തുക, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻ പ്രകാരമുള്ള TSB അക്കൗണ്ടിലെ നിക്ഷേപം തുടങ്ങിയവ) ശമ്പളവും പെൻഷനും നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. എങ്കിൽ തന്നെയും സർക്കാരിൽനിന്ന് സാദ്ധ്യമായ ധനസഹായം നൽകിയും കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്ന് വായ്പ ലഭ്യമാക്കിയും ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്.

(ഇ) കോർപ്പറേഷൻ നിലവിൽ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുകയും തദ്വാര വരുമാനം വർദ്ധിച്ച് കോർപ്പറേഷന് സ്വന്തം നിലക്കുതന്നെ ശമ്പളം വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷയുണ്ട്.

കെ.എസ്.ആർ.ടി.സി. മുൻ എം.ഡി.-യുടെ റിപ്പോർട്ട്

246 (7809) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ തലപ്പത്ത് പ്രാവീണ്യമില്ലാത്തവരാണ് ഇരിക്കുന്നതെന്ന് മുൻ എം.ഡി. സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ടി റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദാംശം നൽകാമോ ;

(ഡി) ഇപ്രകാരം സ്വീകരിച്ച നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായ പുരോഗതിയുടെ വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ പുനരുജ്ജീവിപ്പിച്ച് നഷ്ടത്തിൽ നിന്നും ലാഭത്തിലേക്ക് നയിക്കുന്നതിനായി മുൻ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ച പുനരുദ്ധാരണ പദ്ധതിയിൽ, മാനവവിഭവശേഷിയുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ നേരിടുന്ന പ്രധാന പ്രശ്നം നേതൃത്വപാടവം ആവശ്യമുള്ള ഇടങ്ങളിൽ യോഗ്യരായവർ ഇല്ല എന്നതാണെന്നുള്ള വിവരം സൂചിപ്പിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക/സാങ്കേതിക/ എക്സിക്യൂട്ടീവ് തലങ്ങളിൽ പ്രാവീണ്യമുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

247 (7810) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ നടപ്പിലാക്കിവരുന്ന പെൻഷനുകളെ സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ബി) 2014-ലെ ഓരോ മാസവും എത്ര രൂപാവീതമാണ് പെൻഷൻ നൽകുന്നത് ?

ഉത്തരം

(എ) സർക്കാരിലേതിന് സമാനമായ സ്റ്റാറ്റ്യൂട്ടറി പെൻഷനാണ് കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ളത്. എന്നാൽ 2013 ഏപ്രിൽ മാസം മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് സർക്കാരിലേതിന് സമാനമായ പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് (Contributory pension scheme) നടപ്പിലാക്കിയിട്ടുള്ളത്.

(ബി)

ജനുവരി 2014	-	36,66,58,910	രൂപ
ഫെബ്രുവരി	-	37,14,04,390	,,
മാർച്ച്	-	37,54,55,613	,,
ഏപ്രിൽ	-	37,72,82,052	,,
മെയ്	-	37,84,62,620	,,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly